# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1209 01.07.2015-ൽ മറുപടിയ്ക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.വി.ചെന്താമരാക്ഷൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര പേർക്കാണ് ഭൂമി നൽകാനായത്; സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണമെത്ര; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 36,491 പേർക്ക് പട്ടയം അനുവദിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം പ്രസ്തുത പദ്ധതി പ്രകാരം തിട്ടപ്പെടുത്തുന്നതിനായി വില്ലേജ് ഓഫീസ് മുഖാന്തിരം അപേക്ഷ ക്ഷണിച്ച് ചട്ടപ്രകാരമുള്ള വിശദമായ അന്വേഷണം നടത്തി നിശ്ചിത മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്ന ഭൂരഹിത കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുള്ളത്. ഇങ്ങനെ കണ്ടെത്തിയ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം 2,43,928 ആണ്. |
| (ബി) | സർക്കാർ അനുവദിച്ച ഭൂമി ഉപയോഗശൂന്യമായതും പട്ടയപ്രകാരമുള്ളവ കണ്ടെത്താനാവാത്തതും കാരണം ഭൂമി ലഭിക്കാത്തവരുടെ എണ്ണമെത്ര; ഇതു സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | പദ്ധതിയിൽ വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമിയാണ് പ്ലോട്ടുകൾ തിരിച്ച് നൽകുന്നത്. എന്നാൽ അനുവദിച്ച ഏതാനും പ്ലോട്ടുകളെ സംബന്ധിച്ച് ആക്ഷേപം ചുരുക്കം ചില സ്ഥലങ്ങളിൽ ഉയർന്നിരുന്നു. അർഹമായ കേസുകളിൽ മാത്രം അത്തരം പ്ലോട്ടുകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാതലങ്ങളിൽ നടന്നു വരുന്നു. ജില്ലകളിൽ ലഭിച്ച ഇത്തരം പരാതികൾ ജില്ലാ കളക്ടർമാർ പരിശോധിച്ച് വരുന്നു. |
| (സി) | ഈ പദ്ധതിക്കായി എത്ര ഏക്കർ ഭൂമി എവിടങ്ങളിലെല്ലാമാണ് കണ്ടെത്തിയത്; ഇത് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഭൂമിയാണ്; മിച്ചഭൂമി, പുറമ്പോക്ക്, മറ്റ് സർക്കാർ കൈവശമുള്ള ഭൂമി എന്നിങ്ങനെ തരംതിരിച്ച കണക്ക് ലഭ്യമാക്കാമോ; | ഭൂമി തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ വില്ലേജ്, താലൂക്ക്, ജില്ലാതലങ്ങളിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നടന്നുവരുകയാണ്. റവന്യൂ ഭൂമി, മിച്ച ഭൂമി, അന്യംനിൽപ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ്, മറ്റു വകുപ്പുകളുടെ കൈവശത്തിലുള്ളതും എന്നാൽ അവർ ഉപയോഗിയ്ക്കാതെ കിടക്കുന്നതുമായ ഭൂമി തുടങ്ങി വിവിധതരം ഭൂമികളാണ് പദ്ധതിക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നത്. ഇതിനകം തെരഞ്ഞെടുത്ത ഭൂമികളിൽ സർവ്വെ നടപടികൾ നടന്നു വരുന്നു. സർവ്വെ നടപടികൾ പൂർത്തിയായാൽ മാത്രമേ ലഭ്യമായ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം ലഭ്യമാകുകയുള്ളൂ. |

| | | |
|---|---|---|
| (ഡി) | ഈ ആവശ്യത്തിലേക്കായി പണം നൽകി ഭൂമി വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര; എന്ത് തുക ചെലവായി? | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് വേണ്ടി നാളിതുവരെ പണം നൽകി ഭൂമി വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ